**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 184** **04-03-2025 - ൽ മറുപടിയ്ക്ക്**

**എം.എസ്.എം.ഇ. യുടെ നിർവചനത്തിലെ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. എ. പി. അനിൽ കുമാർ , ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | 2021 ജൂലൈയിൽ കേന്ദ്ര സർക്കാർ എം.എസ്.എം.ഇ.കളുടെ നിർവചനത്തിൽ മാറ്റം വരുത്തിയിരുന്നോ; എങ്കിൽ മാറ്റം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ 02.07.2021 ലെ 5/2(2)/2021-E/P&G/Policy No. ഓഫീസ് മെമ്മോറാണ്ടം പ്രകാരം റീട്ടെയിൽ ,മൊത്തവ്യാപാര സംരംഭങ്ങളെ ഉദ്യം രജിസ്ട്രേഷന് പരിഗണിക്കുന്ന MSME- കളുടെ പട്ടികയിൽ കേന്ദ്ര സർക്കാർ ഉൾപ്പെടുത്തി.ഈ നയം മാറ്റം റീട്ടെയിൽ,മൊത്തവ്യാപാരികൾക്ക് ബാങ്കുകളിൽ നിന്നുള്ള മുൻഗണനാ മേഖലയിലുള്ള വായ്പാ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള സാമ്പത്തിക സേവനങ്ങളിലേക്ക് മികച്ച പ്രവേശനം നല്കി.റീട്ടെയിൽ ,മൊത്തവ്യാപാര സംരംഭങ്ങളെ MSME-കളായി രജിസ്റ്റർ ചെയ്യാൻ അനുമതി നൽകിയത് വഴി കൂടുതൽ ഹോൾസെയിൽ - റീട്ടെയിൽ ബിസിനസുകളെ അവരുടെ നിക്ഷേപത്തിന്റെയും വിറ്റുവരവിന്റെയും അടിസ്ഥാനത്തിൽ ഔപചാരികമായി അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു |
| (ബി) | പ്രസ്തുത മാറ്റത്തിനു ശേഷം ഉദ്യം പോർട്ടലിൽ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളുടെയും എം.എസ്.എം.ഇ. കളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | കേന്ദ്ര സർക്കാരിലെ സൂക്ഷ്മ -ചെറുകിട-ഇടത്തരം മന്ത്രാലയമാണ് ഉദ്യം പോർട്ടൽ കൈകാര്യം ചെയ്യുന്നത്.മറ്റു സംസ്ഥാനങ്ങളിലെ MSME -കളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന കാര്യത്തിൽ വ്യക്തതയില്ല.കേന്ദ്ര MSME മന്ത്രാലയത്തിൽ നിന്ന് മാത്രമേ പ്രസ്തുത വിവരം ലഭ്യമാകുകയുള്ളൂ |
| (സി) | പ്രസ്തുത മാറ്റത്തെത്തുടർന്ന് കേരളത്തിലെ എം.എസ്.എം.ഇ. കളുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനവ് സംഭവിച്ചു എന്നത് വസ്തുതയാണോ; വിശദമാക്കുമോ? | (സി) | വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2021 ൽ ഉദ്യം രജിസ്ട്രേഷൻ നേടിയ സംരംഭങ്ങളുടെ എണ്ണം78748 മൈക്രോ, 5771 സ്മോൾ, 625 മീഡിയം ഉൾപ്പെടെ ആകെ 85143 ആയിരുന്നു. എന്നാൽ നിലവിൽ 799715 മൈക്രോ, 19305 സ്മോൾ, 1479 മീഡിയം, 632433 IMEs ഉൾപ്പെടെ ആകെ 1452932സംരംഭങ്ങൾ ഉദ്യം അസിസ്റ്റ് പ്ലാറ്റ്ഫോറം ഉൾപ്പെടെ രജിസ്ട്രേഷൻ നേടിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അതായത് യൂണിയൻ ഗവൺമെന്റിന്റെ കണക്ക് പ്രകാരം 13,67,789 പുതിയ രജിസ്ട്രേഷൻ 2021 ന് ശേഷം വന്നിട്ടുണ്ട്. ആകെ 7,35,356 സംരംഭങ്ങളുടെ വർദ്ധനവാണ് കേന്ദ്ര സർക്കാർ 2021-ൽ വരുത്തിയ മാറ്റം മുഖേന സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ